കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര വികസനം - സഹകരണ നയം രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(ആച്ചടി)നം.73/2018/സഹ. തീയതി, തിരുവനന്തപുരം, 22/06/2018

---

പരാമർശം : 19.04.2018 ലെ പി.റ്റി(1) 51394/17 നമ്പരിലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിനായി സഹകരണ മേഖലയെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായതിനാലും സഹകരണ പ്രസ്ഥാനത്തെ സർക്കാരിന്റെ വിവിധ സാമൂഹിക സാമ്പത്തിക പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായുള്ള ഉപകരണവും സാമ്പത്തിക വളർച്ചയുടെ ചാലകശക്തിയുമായി മാറ്റുന്നതിന് ലക്ഷ്യമിട്ട് ഒരു സമഗ്ര നയത്തിന് രൂപം നൽകേണ്ടതാണെന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും അപ്രകാരം സഹകരണ മേഖലയുടെ ഉന്നമനവും കൂടി ലക്ഷ്യം വച്ച് സംസ്ഥാന സഹകരണ നയത്തിന് രൂപം നൽകി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണുഗോപാൽ.പി**

**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)
സഹകരണ സംഘം രജിസ്ട്രാർ , തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും

പൊതു ഭരണ (എസ്. സി) വകുപ്പ് ( ഇനം നം. ....... പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംസ്ഥാന സഹകരണനയം

### ആമുഖം

കേരളത്തിലെ ഗ്രാമീണമേഖലയുടെ മുന്നോട്ടുപോക്കിന് സുപ്രധാനമായ പങ്കുവഹിച്ചതാണ് ; സഹകരണ പ്രസ്ഥാനം. ഇടനിലക്കാരുടെ കൈയ്യിൽ നിന്ന് ഗ്രാമീണമേഖലയെ മോചിപ്പിച്ച് വികസനത്തിന്റെ സാധ്യതകൾ സൃഷ്ടിക്കുന്നതിൽ വലിയ പങ്കാണ് സഹകരണപ്രസ്ഥാനം നിർവഹിച്ചത്. കേരളത്തിൽ വ്യത്യസ്ത മേഖലകളിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് സഹകരണപ്രസ്ഥാനം. വായ്പ, സംഭരണം, ഉത്പാദനം, നിർമ്മാണം, വിപണനം, കാർഷിക സംസ്കരണം, ഉപഭോക്തൃ മേഖല, പരമ്പരാഗത വ്യവസായം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഇൻഷ്വറൻസ്, അടിസ്ഥാന സൗകര്യ മേഖലകളുടെ വികസനം തുടങ്ങിയ സമസ്ത മേഖലകളിലും ഇത് വ്യാപിച്ചുകിടക്കുകയാണ്. അങ്ങനെ കേരളത്തിന്റെ വികസനത്തിനായി വ്യത്യസ്ത രീതിയിലാണ് സഹകരണമേഖല ഇടപെട്ടുകൊണ്ടിരിക്കുന്നത്.

കേരള സംസ്ഥാനം രൂപീകൃതമാകുന്നതിന് മുമ്പ് കൊച്ചിയിലും തിരുവിതാംകൂറിലും മലബാറിലും വ്യത്യസ്ത സഹകരണ നിയമങ്ങളെ അടിസ്ഥാനമാക്കി സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചു വന്നിരുന്നു. എന്നാൽ പിന്നീട് 1969-ൽ ഏകീകൃതമായ ഒരു നിയമം നടപ്പിൽ വരികയുണ്ടായി. കേരള സംസ്ഥാന സഹകരണ സംഘം നിയമത്തെ അടിസ്ഥാനമാക്കി ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെടുകയും കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക വികാസത്തിൽ ഇവ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും പടർന്ന് പന്തലിച്ചുനിൽക്കുന്ന ഒന്നായി സഹകരണ പ്രസ്ഥാനം മാറിക്കഴിഞ്ഞിട്ടുണ്ട്. അവ കടന്നുചെല്ലാത്ത മേഖലകളില്ല എന്നതാണ് സംസ്ഥാനത്തെ സ്ഥിതി. ഇതിന്റെ ഉപഭോക്താക്കളായി മാറാത്തവരും കേരളത്തിലില്ലെന്നു പറയാം.

70 മേഖലകളിലായി 15428 സഹകരണസംഘങ്ങൾ സഹകരണസംഘം രജിസ്ട്രാർക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 11966 സംഘങ്ങൾ പ്രവർത്തിക്കുന്നവയും, 2782 സംഘങ്ങൾ പ്രവർത്തന രഹിതവും, 680 സംഘങ്ങൾ സമാപ്തീകരണ ഘട്ടത്തിൽ നിൽക്കുന്നതുമാണ്. കൂടാതെ, ഫങ്ഷണൽ രജിസ്ട്രാർ മാർക്ക് കീഴിൽ 7656 സഹകരണസംഘങ്ങൾ നിലവിലുണ്ട്. ക്ഷീരം, കൈത്തറി, മത്സ്യം, വ്യവസായം, കയർ, തുടങ്ങി മേഖലകളിലാണ് പ്രധാനമായും ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

സഹകരണസംഘങ്ങളിൽ ഏറ്റവും പ്രബലമായത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ്. ഇന്ത്യയിലെ മൊത്തം സഹകരണ നിക്ഷേപത്തിന്റെ 60 ശതമാനത്തോളവും കൈകാര്യം ചെയ്യുന്നത് കേരളത്തിലെ സഹകരണസംഘങ്ങളാണ്.

കേരളത്തിന്റെ 'സഹകരണമേഖല ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് മാത്രമല്ല, ഒരു തൊഴിൽദാതാവ് എന്ന നിലയിലും പ്രവർത്തിക്കുന്നതാണ്. മൂന്നരകോടിയിലധികം വരുന്ന സഹകരണസ്ഥാപനങ്ങളിലെ അംഗങ്ങളുടെ വിശ്വാസവും ഒരു ലക്ഷത്തിലേറെ ജീവനക്കാരുടെ ഉപജീവന മാർഗമെന്ന നിലയിലും ഇത് പ്രവർത്തിച്ചുവരുന്നു. ലാഭേച്ഛയോടെ പ്രവർത്തിക്കുന്നവയല്ല സഹകരണ ബാങ്കുകൾ. ഓഹരി അംഗങ്ങളെടുക്കുന്ന വായ്പയുമായി ബന്ധപ്പെടുത്തിയാണ് കണക്കാക്കുന്നത്. ഇത്തരത്തിൽ വാണിജ്യ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് സഹകരണ ബാങ്കുകൾ പ്രവർത്തിച്ചുവരുന്നത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന് പൊതുവിൽ വലിയ പ്രോത്സാഹനം ലഭിച്ചിരുന്നു. ഗ്രാമീണമേഖലയിലെ വികസനത്തിന് ഇത് വലിയ സംഭാവന നൽകുകയും ചെയ്തു. എന്നാൽ നവഉദാരവൽക്കരണനയങ്ങൾ രൂപപ്പെട്ടുവന്നതോടെ ഈ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടായി. സാമ്പത്തികമേഖലയിൽ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരിഷ്കാരങ്ങൾ സഹകരണ പ്രസ്ഥാനത്തെ പലതരത്തിലുള്ള പ്രതിസന്ധികളിലേക്ക് നയിക്കുന്ന സ്ഥിതിയുണ്ടായി. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് മുതൽ 97-ാം ഭരണഘടനാ ഭേദഗതി വരെയുള്ള പരിഷ്കാരങ്ങൾ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് ആഘാതമേൽപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു. അതുകൊണ്ട് തന്നെ അത്തരം മാറ്റങ്ങൾ പൊതുവിൽ നാം സ്വീകരിച്ചിട്ടില്ല. നോട്ടുനിരോധനമുൾപ്പെടെയുള്ള കേന്ദ്രസർക്കാരിന്റെ നടപടികളും സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നവിധത്തിലേക്ക് വളരുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംരക്ഷിച്ചുനിർത്തുന്നതിന് ഇടയായത്.

ആഗോളസാമ്പത്തിക പ്രതിസന്ധി ലോകത്തെ ബാധിച്ച സ്ഥിതിയാണുള്ളത്. ഇത്തരം പ്രതിസന്ധികളിൽ സഹകരണ പ്രസ്ഥാനത്തെ മുന്നോട്ടുവയ്ക്കുന്ന സ്ഥിതിയും പല മേഖലയിലും ഉയർന്നുവന്നിട്ടുണ്ട്. ഈ മേഖലയെ കൂടുതൽ പരിഗണിച്ച് മുന്നോട്ടുപോകുന്ന സ്ഥിതി ലോകത്തെമ്പാടും സ്വീകരിച്ചിട്ടുണ്ട്. ബദൽ മാതൃക എന്ന നിലയിൽ ഇത് മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകളും വികസിച്ചുവന്നിട്ടുണ്ട്. വർത്തമാനകാലഘട്ടത്തിൽ ഈ സംവിധാനത്തിന്റെ സവിശേഷതകളെ തിരിച്ചറിഞ്ഞുകൊണ്ട് കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്നതാണ്

സർക്കാരിന്റെ നയം. അതോടൊപ്പം തന്നെ പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാകുന്നവിധം സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്.

സഹകരണമേഖലയിൽ ശക്തമായ ഇടപെടലിന്റെ ഭാഗമായാണ് ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു സഹകരണ ബാങ്കിന് രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കേരള ബാങ്കിന്റെ രൂപീകരണത്തിന്റെ അംഗീകാരത്തിനായി ആർ.ബി.ഐ ക്ക് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. 14 ജില്ലാ സഹകരണ ബാങ്കിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും കണക്കുകളുടെ സംയോജനം, സാങ്കേതികവിദ്യാ സംയോജനം, മനുഷ്യവിഭവശേഷി സംയോജനം തുടങ്ങിയ കാര്യങ്ങളിലും നടപടികൾ പുരോഗമിച്ചുവരികയാണ്. 2018 ഓടെ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. കെ.എസ്.ആർ.ടി.സി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുതകുന്ന സവിശേഷമായ ഇടപെടലുകൾ സഹകരണമേഖലയിൽ നിന്ന് ഉണ്ടായിട്ടുണ്ട്.

ത്രിതല സഹകരണ വായ്പാ സംവിധാനത്തിന്റെ ദൗർബല്യം, കാർഷിക വായ്പയിലെ ഇടിവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ദുർബല ബന്ധം, വർദ്ധിച്ചു വരുന്ന നിഷ്ക്രിയ ആസ്തി, ആധുനികവൽക്കരണ നടപടികളുടെ വേഗക്കുറവ് എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇവ പരിഹരിച്ച് മുന്നോട്ടുപോകുക എന്നതും പ്രധാനമാണെന്ന് സർക്കാർ കാണുന്നു. ഇക്കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ ഭാവി വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന് അനുഗുണമായ ഒരു സഹകരണനയം രൂപീകരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. സഹകരണനയം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടാണ് മുന്നോട്ട് വയ്ക്കുന്നത്.

## I

## സഹകരണ നയത്തിന്റെ പൊതുസമീപനം

ലോകത്തെമ്പാടും വ്യാപിച്ചുകിടക്കുന്ന സഹകരണപ്രസ്ഥാനം ഒരോ രാജ്യത്തും ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സ്ഥിതിയാണുള്ളത്. ഇത്തരം കാര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പഠനം 12 വർഷങ്ങൾക്ക് മുമ്പ് അന്തർദേശീയ സഹകരണ സഖ്യം നടത്തുകയുണ്ടായി. അന്നത്തെ പഠനം ഇൻഡ്യയിലെ സഹകരണ നയവും സഹകരണ നിയമവും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട് എന്നായിരുന്നു.

സമകാലീന പ്രശ്നങ്ങളെ സംബന്ധിച്ച് അത്തരത്തിലുള്ള പഠനങ്ങൾ ഒന്നും ഉയർന്നുവന്നിട്ടുമില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പൊതുമേഖലയെ സംരക്ഷിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നത്. ഇതിന് സമാനമായ സ്ഥാനം സഹകരണ പ്രസ്ഥാനത്തിന് നൽകുന്ന സ്ഥിതിവിശേഷവും രൂപപ്പെട്ടിരുന്നു. 1958 ൽ തന്നെ ഇത് സംബന്ധിച്ച ഒരു നയം രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 1977 ൽ ആണ് കേന്ദ്ര സർക്കാർ അത്തരമൊരു നയം മുന്നോട്ടുവച്ചത്. സംസ്ഥാന സഹകരണ മന്ത്രിമാരുടെ യോഗം അത് അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. ഗ്രാമീണ മേഖലയുടെ സാമ്പത്തിക വികസനത്തിന് പ്രാധാന്യം നൽകുന്ന കാഴ്ചപ്പാട് ഇത് മുന്നോട്ടുവച്ചു. 12 മേഖലകളായി തിരിച്ച് 42 വകുപ്പുകൾക്ക് കർമ്മപദ്ധതി പ്രഖ്യാപിക്കുന്ന രീതിയായിരുന്നു അതിൽ സ്വീകരിച്ചിരുന്നത്.

2002 ൽ സഹകരണനയം കൂടുതൽ വിപുലീകരിക്കപ്പെടുകയും കേന്ദ്ര സർക്കാർ പിന്തുടരുന്ന ഉദാരവത്ക്കരണ-സ്വകാര്യവത്ക്കരണ-ആഗോളവത്ക്കരണ (LPG) നയങ്ങൾക്ക് ഇണങ്ങുന്ന തരത്തിലുള്ള മാറ്റങ്ങൾ ഇതിൽ വരുത്തുകയും ചെയ്തു. സഹകരണസ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവന്നിരുന്ന പിന്തുണ ഗണ്യമായി കുറയ്ക്കുകയും അവയെ വിപണി ശക്തികളുടെ കഴുത്തറപ്പൻ മത്സരത്തിനായി തുറന്നുകൊടുക്കുകയും ചെയ്തു. വിപണി സമ്പദ്വ്യവസ്ഥയിൽ സമമായ മത്സരക്ഷമത കൈവരിക്കാതിരുന്ന നിരവധി ചെറിയ സഹകരണസ്ഥാപനങ്ങളുടെ വളർച്ചയേയും വികസനത്തേയും ഇത് വളരെ പ്രതികൂലമായി ബാധിച്ചു. പലതും നാമാവിശേഷമായിതീരുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ മേഖലയിൽ നിയന്ത്രണ ചട്ടക്കൂടുകൾ കുറ്റമറ്റതാക്കാനെന്ന പേരിൽ മുന്നോട്ടുവയ്ക്കപ്പെട്ട പല പദ്ധതികളും സഹകരണ മേഖലയ്ക്ക് നേട്ടങ്ങൾ സംഭാവന ചെയ്യുന്ന തരത്തിലായിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾ ഇല്ലാതാക്കുകയും റിസർവ്വ് ബാങ്കിന്റെ നിയന്ത്രണം ശക്തിപ്പെടുത്തിക്കൊണ്ടും മുന്നോട്ടുപോകുന്ന രീതികളാണ് ഇതിൽ കൈക്കൊണ്ടുവന്നിരുന്നത്. പുത്തൻ തലമുറ ബാങ്കുകളെപ്പോലെ തന്നെ സഹകരണ വായ്പാ മേഖലയെയും മാറ്റിത്തീർക്കുന്നതിനുള്ള ഇടപെടലാണ് ഇതെന്ന വിമർശനവും ഇതിന്റെ ഭാഗമായി ഉയർന്നുവന്നു. വൈദ്യനാഥൻ കമ്മറ്റി റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്ന പൊതുസമീപനമാണ് നിയമസഭയിൽ ഉൾപ്പടെ ഉയർന്നുവരുന്ന സ്ഥിതിയുണ്ടായത്. സംസ്ഥാനത്തിന്റെ അധികാരത്തിൽ കിടന്ന മേഖലയെ കേന്ദ്ര സർക്കാരിന്റെ കീഴിലേക്ക് കൊണ്ടുവരികയാണ് എന്ന നിലയിൽ ഇതുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി ഫെഡറലിസത്തിന് നേരെയുള്ള വെല്ലുവിളിയാണ് എന്ന ചർച്ചയും

ഉയർന്നുവരികയുണ്ടായി. ഈ നിയമത്തെ ഗുജറാത്ത് ഹൈക്കോടതി തടഞ്ഞതോടെ സഹകരണമേഖല സംസ്ഥാന വിഷയമായിത്തന്നെ തുടരുകയാണ്.

സംസ്ഥാനത്തിന്റെ സവിശേഷതകളെ മനസ്സിലാക്കിക്കൊണ്ട് സഹകരണ മേഖലയിൽ പുതിയ നയം രൂപീകരിക്കേണ്ടതുണ്ട് . എങ്കിൽ മാത്രമേ പുതിയ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനത്തിന് മുന്നോട്ടുപോകാനാവൂ. കേരളത്തിന്റെ ഈ രംഗത്തെ അനുഭവങ്ങളെയും സവിശേഷതകളെയും ഉൾക്കൊണ്ടുകൊണ്ട് രൂപീകരിക്കുന്ന ഈ നയം സുപ്രധാനമായ ചില കാഴ്ചപ്പാടുകൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ ആഗോള കാഴ്ചപ്പാട്, ദർശനവും ദൗത്യവും, വിവിധ മേഖലകളിലെ പ്രത്യേക നയങ്ങൾ, സഹകരണ മേഖലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം, നിലവിലെ സഹകരണ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിങ്ങനെ കരട് സഹകരണനയം ചർച്ചയ്ക്ക് വിധേയമാകുന്നു.

ദർശനം (Vision)

സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുകയും തുല്യതയാർന്ന സാമൂഹിക സാമ്പത്തിക വികസനം ഉറപ്പാക്കി സമൂഹത്തെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിന് പ്രാപ്തമാക്കുകയും ഇതിനായി സർക്കാരുമായി ഒത്തിണങ്ങി പ്രവർത്തിക്കുകയും ചെയ്യുക.

ദൗത്യം (Mission)

- സാമ്പത്തിക ദുർവ്യയങ്ങളേതുമില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും അംഗങ്ങളുടേയും സമൂഹത്തിന്റെയും നേട്ടത്തിനായി പ്രവർത്തിക്കാൻ കെൽപുള്ള സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുക.


സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമാക്കി തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനുമായി സഹകരണ പ്രസ്ഥാനത്തെ ഉപയുക്തമാക്കുക.

ആഗോളകാഴ്ചപ്പാട്

സാമൂഹിക പ്രതിബദ്ധതയിൽ വിട്ടുവീഴ്ച ചെയ്യാതെ സാമ്പത്തികമായി ലാഭക്ഷമത കൈവരിക്കാനാകുമെന്ന് സമൂഹത്തെ ഓർമ്മപ്പെടുത്തുന്നവയാണ് സഹകരണ

സ്ഥാപനങ്ങളെന്ന കാഴ്ചപ്പാടാണ് ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ചിട്ടുള്ളത്. ഈ കാഴ്ചപ്പാടുമായി കൂടി പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള സമീപനമാണ് ഇതിൽ മുന്നോട്ടുവയ്ക്കുന്നത്.

പരസ്പരബന്ധിതവും തമ്മിൽ കവിഞ്ഞ് കിടക്കുന്നതുമായ (overlapping) താഴെ പറയുന്ന 5 വിഷയങ്ങളുടെ പ്രാധാന്യം ICA അതിന്റെ ബ്ലൂ പ്രിന്റ് സ്ട്രാറ്റജിരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ഈ വിഷയങ്ങളാകട്ടെ കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന് പൂർണ്ണമായും യോജിക്കുന്നവയുമാണ്.




ICA ബ്ലൂപ്രിന്റ് സ്ട്രാറ്റജി സഹകരണസംഘങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തവും ഭരണനിർവ്വഹണവും പുതിയൊരു തലത്തിലേക്ക് ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിരതയാണ് സഹകരണ സ്ഥാപനങ്ങളെ മറ്റു സ്ഥാപനങ്ങളിൽ നിന്നും മികവുറ്റതാക്കുന്നത്.

സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച എന്നുള്ളതും പ്രധാനമാണ്.

## II

## ഐക്യരാഷ്ട്രസഭയുടെ കാഴ്ചപ്പാടും കേരളത്തിലെ സഹകരണ മേഖലയും

സഹകരണ മേഖലയെ സംബന്ധിച്ച് ഐക്യരാഷ്ട്രസഭ 5 പ്രധാന വികസന ലക്ഷ്യങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അവ ഇവയാണ്.

1. ദാരിദ്ര നിർമാർജ്ജനവും പട്ടിണി ഇല്ലാതാക്കലും (Zero Poverty)
2. ഭക്ഷ്യ സുരക്ഷ
3. ലിംഗസമത്വം
4. മാന്യതയുള്ള തൊഴിലും സാമ്പത്തിക വളർച്ചയും
5. കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രതിരോധം

മേൽ പറഞ്ഞ വികസന ലക്ഷ്യങ്ങൾ കേരളത്തിലെ സഹകരണ മേഖല എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ട് എന്ന് മനസ്സിലാക്കിയാൽ ആഗോളതലത്തിലെ സഹകരണ കാഴ്ചപ്പാടുകളുമായി നാം എത്രത്തോളം ബന്ധപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാകും. അതിലൂടെ നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെ മനസ്സിലാക്കുന്നതിനും ഭാവിയിൽ അത് എങ്ങനെ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനാവും എന്നതും വ്യക്തമാകുന്നതാണ്.

### 1. ദാരിദ്ര നിർമാർജ്ജനവും പട്ടിണി ഇല്ലാതാക്കലും (Zero Poverty)

കൂട്ടായ്മകളിലൂടെ വ്യക്തിഗത ആവശ്യങ്ങളെ നേരിടാൻ സഹകരണ പ്രസ്ഥാനം ജനങ്ങൾക്ക് സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കണമെന്നും അതിലൂടെ ദാരിദ്ര്യവും പട്ടിണിയും ഇല്ലാതാക്കാനുതകുന്ന സമീപനം സ്വീകരിക്കണമെന്നും ആഗോളതലത്തിലുള്ള ഈ രംഗത്തെ കാഴ്ചപ്പാടാണ്.

1973-74 ൽ സംസ്ഥാനത്തെ ദാരിദ്രാവസ്ഥ 59.74% ആയിരുന്നു. 2011-12 ആയപ്പോൾ അത് 11.30% ആയി കുറക്കുവാനായെന്ന് 2017 ലെ സംസ്ഥാന സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നു. വിപ്ലവകരമായ ഭൂപരിഷ്ക്കരണം നടപ്പാക്കിയതിനാലും പുരോഗമന പ്രസ്ഥാനങ്ങളും സഹകരണ സ്ഥാപനങ്ങളും ചെലുത്തിയ നിർണ്ണായകമായ സ്വാധീനങ്ങളും കാരണമാണ് സംസ്ഥാനത്ത് ദാരിദ്രാവസ്ഥ കുറച്ചുകൊണ്ടുവരാനായത്. സഹകരണ പ്രസ്ഥാനത്തിന് ഇതിൽ വലിയ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിന്റെ പൊതുവായ വികസനത്തിന്റെ ഭാഗമായി നേട്ടങ്ങൾ ഉണ്ടാക്കുന്നതിൽ പിറകോട്ടുപോയ വിഭാഗങ്ങളുണ്ട്, അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക എന്നതും ഇതുമായി ബന്ധപ്പെട്ട് സഹകരണ മേഖല ഏറ്റെടുക്കേണ്ട പുതിയ ഉത്തരവാദിത്തമാണ്.

അതിനായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, മൺപാത്രത്തൊഴിലാളികൾ, കരകൗശലത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളുടെയും ഇല്ലായ്മയുടെ തുരുത്തുകളിൽ കഴിയുന്ന മറ്റു സാമൂഹിക വിഭാഗങ്ങളുടേയും ഉന്നമനത്തിനായി സഹകരണസ്ഥാപനങ്ങൾ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഇതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയണം.

2. **ഭക്ഷ്യ സുരക്ഷ**

അംഗങ്ങളായ ചെറുകിട കർഷകർക്കും ഉല്പാദകർക്കും കാർഷിക സഹകരണ സംഘങ്ങളിലൂടെ കൃഷിക്ക് ആവശ്യമായിവരുന്ന സാമഗ്രികൾ, പശ്ചാത്തല സൗകര്യങ്ങൾ, ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്ന വിപണി, പരിശീലനം, സാങ്കേതികവിദ്യ എന്നിവ കൂട്ടായ്മയുടെ ശക്തിയിലൂടെ മികച്ച രീതിയിൽ ലഭ്യമാക്കാനാകും.

ഈ രംഗത്ത് സഹകരണ പ്രസ്ഥാനം സജീവമായി പല തരത്തിൽ ഇന്ന് ഇടപെട്ടുകൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യോൽപന്നങ്ങളുടെ മികച്ച രീതിയിലുള്ള ശേഖരണവും വിതരണവും ഉറപ്പാക്കുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ കൈക്കൊള്ളുന്ന നടപടികൾ ശ്രദ്ധേയമാണ്. നെല്ലിന്റെയും അരിയുടേയും സംഭരണം സംസ്ക്കരണം വിപണനം എന്നിവയുമായി പാലക്കാട് ജില്ലയിൽ ഒരു സഹകരണ കൂട്ടായ്മ (Co-operative Consortium) അടുത്തിടെ രൂപീകരിച്ചതും ഇവിടെ പ്രസക്തമാണ്. ഈ നടപടികളെല്ലാം ഉത്പ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് ഒരു പരിധിവരെയെങ്കിലും ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പ്പായി കാണാനാകും. ഈ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനായാൽ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായുള്ള പരിശ്രമങ്ങളിൽ സഹകരണസ്ഥാപനങ്ങൾക്ക് കൂടുതൽ പങ്കുവഹിക്കുവാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയും, അതിനായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ മുന്നോട്ടുവയ്ക്കേണ്ടതുണ്ട്.

3. **ലിംഗസമത്വം**

താൽപ്പര്യമുള്ള ആർക്കും സ്വമേധയാതന്നെ അംഗമാകാമെന്നത് സഹകരണസ്ഥാപനങ്ങളുടെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ്. ഇത് സഹകരണസ്ഥാപനങ്ങളിൽ അംഗങ്ങളാകുന്നതിനും അതുവഴി പ്രാദേശികവും ദേശീയവുമായ സമ്പദ് ഘടനകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും വിഭവങ്ങളെയും അവസരങ്ങളെയും കൂട്ടുതലായി ലഭ്യമാക്കുന്നതിനും

വനിതകളെ കൂടുതൽ പ്രാപ്തമാക്കുന്നു. ഈ സാധ്യതകളെ ഉപയോഗപ്പെടുത്തി സ്ത്രീകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമീപനമാണ് മുന്നോട്ടുവച്ചിട്ടുള്ളത്.

സ്ത്രീ ശാക്തീകരണത്തിന്റെയും ലിംഗസമത്വത്തിന്റെയും കാര്യത്തിൽ വളരെ മെച്ചപ്പെട്ട പ്രവർത്തനമാണ് കേരളത്തിലെ സഹകരണസ്ഥാപനങ്ങൾ കാഴ്ചവെക്കുന്നത്. കേരളത്തിലെ എല്ലാ സഹകരണസംഘങ്ങളിലും കുറഞ്ഞത് 3 വനിതാ ഡയറക്ടർമാരെങ്കിലും ഭരണസമിതിയിൽ ഉണ്ടാകണമെന്നത് നിയമപരമായിതന്നെ ഉറപ്പാക്കിയിട്ടുണ്ട്. മറ്റു ജനാധിപത്യസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്ന വനിതകളുടെ മൊത്തം എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഉയർന്ന പ്രാതിനിധ്യമാണ്. 15,000 ത്തിലധികം സജീവസഹകരണ സ്ഥാപനങ്ങളുള്ള കേരളത്തിൽ വനിതാ ഡയറക്ടറുമാരുടെ എണ്ണം 50000 ത്തോളം വരും. മാത്രവുമല്ല സഹകരണ സ്ഥാപനങ്ങൾ പൊതുവിലും വനിതാ സഹകരണസ്ഥാപനങ്ങൾ പ്രത്യേകിച്ചും സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി സ്ത്രീകൾക്ക് കൂടുതൽ തൊഴിലുകൾ ലഭ്യമാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രത്യേകം ശ്രദ്ധചെലുത്തിവരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമായി തുടർന്ന് കൊണ്ടുപോകാൻ കഴിയണം.

**4. മാന്യതയുള്ള തൊഴിലും സാമ്പത്തിക വളർച്ചയും**

സാമാന്യ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾ തിരിച്ചടികളെ അതിജീവിക്കുന്നതിനും പ്രതിസന്ധി ഘട്ടങ്ങളിൽപ്പോലും വളർച്ച കൈവരിക്കുന്നതിനും കെൽപ്പുള്ള സ്ഥാപനങ്ങളാണെന്ന് തെളിയിച്ചിട്ടുണ്ട്. ലോകമൊട്ടാകെ ലക്ഷക്കണക്കിന് ആളുകൾക്ക് മാന്യതയുള്ള ഉപജീവനമാർഗ്ഗം പ്രദാനം ചെയ്യുന്ന മുഖ്യ സ്രോതസ്സുകളായി സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരികയാണ്. യുവജനങ്ങൾ, തദ്ദേശീയഗോത്ര വിഭാഗങ്ങൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലോകമാകെ സഹകരണസ്ഥാപനങ്ങളാണ് മുൻകൈയെടുക്കുന്നത് എന്ന കാഴ്ചപ്പാട് ഐക്യരാഷ്ട്ര സഭ മുന്നോട്ടുവയ്ക്കുന്നു.

കേരളത്തിലെ സ്ഥിതി പരിശോധിച്ചാൽ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് 50 ശതമാനം മാത്രമാണ്. എന്നാൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂലിനിരക്ക് കൂടുതലുമാണ്. സഹകരണമേഖലമാത്രം ഒരുലക്ഷംപേർക്ക് നേരിട്ട് തൊഴിൽ നൽകുന്നുണ്ട്. ഇതിന്റെ 5 മടങ്ങോളം പരോക്ഷ തൊഴിലുകളും ഈ മേഖല സൃഷ്ടിക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിലൂടെ മാന്യതയുള്ള തൊഴിലുകൾ കൂടുതലായി സൃഷ്ടിക്കുവാൻ കഴിയുന്നതിനുള്ള

വലിയ സാധ്യതകൾ കേരളത്തിൽ നിലനിൽക്കുന്നുമുണ്ട്. സഹകരണമേഖല പുതിയ ഇടങ്ങളിലേക്ക് മൂലധന നിക്ഷേപം നടത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ശ്രമിക്കുകയും ചെയ്യണം.

5. കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രതിരോധം

അംഗങ്ങൾ തന്നെ ഉടമസ്ഥരായുള്ള സമാനതകളില്ലാത്ത ഒരു മാതൃകയാണെന്നതാണ് സഹകരണ സംരംഭങ്ങളുടെ ഒരു പ്രധാന സവിശേഷത. ഈ സവിശേഷത അവയെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ പ്രതിരോധിക്കുന്ന കാര്യത്തിൽ ദീർഘകാല പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളാക്കിത്തീർക്കുന്നു. ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിന് ആവശ്യമായി വരുന്ന വ്യക്തിഗത വിട്ടുവീഴ് ച്ചകൾക്കായി ജനങ്ങളെ പ്രേരിപ്പിക്കാനാകും. ഇതിലൂടെ പ്രകൃതിവിഭവങ്ങൾ സ്ഥായിയായ രീതിയിൽ വിനിയോഗിക്കാനാകും. കൂടാതെ സുസ്ഥിരമായ ഊർജ്ജസ്രോതസ്സുകൾക്കായുള്ള പരിശ്രമങ്ങളെ സജീവമാക്കി മുന്നോട്ടുകൊണ്ടുപോകുവാനും സാധിക്കുമെന്ന കാഴ്ചപ്പാടാണ് ഐക്യരാഷ്ട്ര സഭ മുന്നോട്ടുവയ്ക്കുന്നത്.

ഗ്രാമീണതലം മുതൽ പ്രവർത്തിക്കുന്ന കേരളത്തിലെ സഹകരണസ്ഥാപനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും ജനങ്ങളെ ബോധവത്കരിക്കുന്നതിനും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സഹായകമായ സംവിധാനമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലേക്ക് സഹകരണമേഖല നീങ്ങുന്നുമുണ്ട്. കേരള സർക്കാരിന്റെ 'ഹരിതകേരളം' ദൗത്യവുമായി കൈകോർത്തുകൊണ്ട് ഇതിനകംതന്നെ സഹകരണസ്ഥാപനങ്ങൾ ജൈവകൃഷി വികസനം, വൃക്ഷത്തൈ നടൽ, ജല സംരക്ഷണം, പാരമ്പര്യേതര ഊർജ്ജ വിനിയോഗത്തിന്റെ പ്രോത്സാഹനം, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു വരുന്നുണ്ട്. ഇത് കൂടുതൽ ത്വരിതപ്പെടുത്തണം.

III

## സഹകരണ നയം മുന്നോട്ടുവയ്ക്കുന്നത്

സഹകരണ ബാങ്കുകൾ വഴിയുള്ള വായ്പാ വിതരണം (ഗ്രാമ മേഖലയിലും നഗരപ്രദേശങ്ങളിലും) ക്ഷീരോൽപ്പാദനം, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം,

കൈത്തറി കരകൗശല തൊഴിലുകൾ, മത്സ്യബന്ധനം, ഭവന നിർമ്മാണം, തൊഴിൽ, അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കൽ തുടങ്ങി സമ്പദ് ഘടനയിലെ എല്ലാ പ്രവർത്തനങ്ങളിലും സഹകരണമേഖലയ്ക്ക് അതിന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാനായിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ വിസ്മരിക്കാനാകാത്ത സംഭാവനകൾ തിരിച്ചറിഞ്ഞുകൊണ്ടാണ്, കേരള സർക്കാർ അവയുടെ സ്വയംഭരണാധികാരവും സ്വാതന്ത്ര്യവും ശക്തിപ്പെടുത്തുന്നതിനും അതിനോടൊപ്പം സഹകരണ പ്രസ്ഥാനത്തെ സർക്കാരിന്റെ വിവിധ സാമൂഹിക-സാമ്പത്തിക പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായുള്ള ഉപകരണമായി വിനിയോഗിക്കുന്നതിന് ലക്ഷ്യമിടുന്ന സഹകരണ നയത്തിന് രൂപംനൽകുന്നത്.

പാവങ്ങൾക്ക് അനുകൂലവും, പരിസ്ഥിതി സൗഹൃദവും, ബദൽ മാതൃക നിർദ്ദേശിക്കുന്നതുമായ ഒരു വികസന പദ്ധതിയാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയെടുക്കുക എന്നതാണ് ഈ സഹകരണനയം വിഭാവനം ചെയ്യുന്നത്.

**നബാർഡും സഹകരണ മേഖലയും**

1980 കളിൽ കേരളത്തിന്റെ കാർഷിക മേഖലയിൽ നബാർഡിന്റെ സാമ്പത്തിക പിന്തുണയോടെയാണ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. കാർഷികോത്പാദനം, പശ്ചാത്തല സൗകര്യവികസം എന്നീ കാര്യങ്ങൾക്ക് ഈ തുക ഉപയോഗിച്ചുവരുന്നുണ്ട്. കാർഷിക ഉത്പാദന വായ്പാ മേഖലയിൽ പുനർവായ്പാ ഇനത്തിൽ വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ 35-40 ശതമാനം കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന പലിശ സബ്സിഡിയും ലഭിക്കുന്നുണ്ട്. മേൽ പറഞ്ഞ വായ്പകൾ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം കൂടുതലാക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുക എന്നതും നമ്മുടെ സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.

**നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ**

കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവന നൽകിയ സഹകരണമേഖലയെ പുതിയ കാലഘട്ടത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെടുത്തി മുന്നോട്ടുപോകേണ്ടതുണ്ട്.

അതിനായി നിലനിൽക്കുന്ന ദൗർബല്യങ്ങളെന്തെന്ന് പരിശോധിക്കുകയും അത് തിരുത്തുന്നതിന് ആവശ്യമായ ഇടപെടലുകളും നടത്തേണ്ടതുണ്ട്. ത്രിതല വായ്പാ സംവിധാനത്തിന്റെ ദൗർബല്യം, കാർഷിക വായ്പയിലെ ഇടിവ്, വർദ്ധിച്ചുവരുന്ന നിഷ്ക്രിയ ആസ്തി തുടങ്ങിയവ ഗൗരവമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

**ത്രിതല വായ്പാ സംവിധാനത്തിന്റെ ദൗർബല്യം**

1) അംഗങ്ങൾക്ക്/അക്കൗണ്ട് ഉടമകൾക്ക് എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും സ്വന്തം നിലയിൽ ലഭ്യമാക്കാൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് (PACS) കഴിയില്ല. വളരെ പരിമിതമായ പ്രവർത്തനപരിധിയാണ് ഇവയ്ക്കുള്ളത്. ആധുനിക ബാങ്കിംഗ് രംഗത്ത് ഭൂമിശാസ്ത്രപരമായ ഈ പരിമിതി ഇടപാടുകാരെ സഹകരണ ബാങ്കുകളിൽ നിന്നും അകറ്റുന്നു. മാത്രമല്ല, യുവതലമുറയ്ക്ക് സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തിയ ബാങ്കിംഗ് സൗകര്യങ്ങൾ നൽകുന്നതിന് വ്യത്യസ്ത തലങ്ങളിലും, തരങ്ങളിലും പ്രദേശങ്ങളിലും സോഫ്റ്റ് വെയറുകളിലും പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് കഴിയുന്നില്ല.

2) ത്രിതല സംവിധാനത്തിന്റെ പ്രധാന ഉത്തരവാദിത്തങ്ങളിലൊന്ന് ഹ്രസ്വകാല കാർഷിക വായ്പ നൽകുക എന്നതാണ്. നബാർഡിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന പുനർവായ്പ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാസഹകരണ ബാങ്ക് എന്നീ രണ്ട് തട്ടുകൾ കടന്ന് പ്രാഥമിക കാർഷിക വായ്പാ സംഘം മുഖേന കർഷകരിലെത്തുമ്പോൾ ഓരോ തട്ടിലും പലിശ മാർജിൻ ഈടാക്കുക വഴി യഥാർത്ഥ ഉപഭോക്താവ് കാർഷിക വായ്പയ്ക്ക് ഉയർന്ന പലിശ നൽകേണ്ടി വരുന്നു. ഇത് കാർഷിക വായ്പയുടെ തോത് കുറയാൻ ഇടയാക്കുന്നു.

3) ഉപഭോക്താക്കൾ ആഗ്രഹിക്കുന്ന തരത്തിൽ ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിലെ ജീവനക്കാർ, ഭരണസമിതി എന്നിവർക്കിടയിൽ പ്രൊഫഷണൽ സമീപനം ഉണ്ടാകുന്നില്ല.

4) വ്യത്യസ്ത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ/ബാങ്കുകളുടെ വിഭവ ലഭ്യതയിലും ഉപയോഗത്തിലും വളരെയേറെ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു. നിക്ഷേപ-വായ്പാ രംഗത്തെ ഈ അസന്തുലിതാവസ്ഥ സഹകരണ ബാങ്കിംഗ് മേഖലയുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുകയാണ്.

5) ഒറ്റപ്പെട്ട നിൽക്കുന്ന സഹകരണ ബാങ്കുകൾക്ക് എൻ.ആർ.ഐ നിക്ഷേപങ്ങൾ, വിദേശ നാണയവിനിയമങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് സാധിക്കുന്നില്ല എന്ന ദൗർബല്യവും നിലനിൽക്കുന്നുണ്ട്.

**കാർഷിക വായ്പയിലെ ഇടിവ്**

കേരളത്തിലെ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ മൊത്തം വായ്പയുടെ 10 ശതമാനത്തോളം മാത്രമാണ്. കേന്ദ്രസർക്കാർ നയങ്ങളുടെ ഭാഗമായി കാർഷിക വായ്പാ മേഖലയിൽ സഹകരണ ബാങ്കുകൾ അവഗണിക്കപ്പെട്ടുകയും പൊതുമേഖലാ-സ്വകാര്യ-ന്യൂജനറേഷൻ ബാങ്കുകൾക്ക് അമിതപ്രാധാന്യം കൈവരുകയും ചെയ്യതിന്റെ അനന്തരഫലമാണ് വൻതോതിലുള്ള ഇടവിന് കാരണമായിട്ടുള്ളത്. മാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ ജീവിത രീതിയിൽ വന്ന മാറ്റം, കൃഷി ഭൂമിയുടെ ലഭ്യതകുറവ്, നഗരവൽക്കരണം, തൊഴിലാളികളുടെ കുറവ്, കാർഷിക വിളകളുടെ സ്കെയിൽ ഓഫ് ഫിനാൻസിലെ അപാകതകൾ എന്നിവയെല്ലാം സഹകരണ മേഖലയിൽ നിന്നുമുള്ള കാർഷിക വായ്പയിൽ കുറവ് വരുന്നതിന് ഇടയാക്കിയിട്ടുണ്ട്.

**വർദ്ധിച്ച വരുന്ന നിഷ്ക്രിയ ആസ്തി**

ഉപഭോക്തൃത സംസ്ഥാനമായ കേരളത്തിൽ ജനങ്ങളുടെ വായ്പാ ആവശ്യവും വായ്പയെടുക്കൽ ശേഷിയും തമ്മിൽ വളരെയേറെ അന്തരം നിലനിൽക്കുന്നു. വിവിധ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചടവ് ശേഷി പരിഗണിക്കാതെ വായ്പ എടുക്കുകയും ലഭ്യമായ വരുമാനം സഹകരണ ബാങ്കുകളുടെ വായ്പാ തിരിച്ചടവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുന്നതിലൂടെ സഹകരണ ബാങ്കുകളിലെ നിഷ്ക്രിയ ആസ്തി ക്രമാതീതമായി വർദ്ധിച്ച് വരികയാണ്. മാത്രമല്ല, നോട്ടുനിരോധനം ഉൾപ്പടെയുള്ള ജനവിരുദ്ധ തീരുമാനങ്ങൾ ജനങ്ങളുടെ ക്രയശേഷിയിൽ കുറവ് വരുത്തിയതും സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തിയുടെ തോത് വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. നിലവിൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ 30 ശതമാനത്തോളം വായ്പയും കടിശിക വായ്പയുടെ ഗണത്തിലാണ് വരുന്നത്.

ഇവ പരിഹരിച്ച് മുന്നോട്ടുപോകാനും കഴിയേണ്ടതുണ്ട്. അതിനുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നതും പ്രധാനമായി കാണേണ്ടതുണ്ട്.

**ഗ്രാമീണമേഖലയിലെ ശക്തമായ ഇടപെടൽ**

കേരളത്തിന്റെ ഗ്രാമീണമേഖലയെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ വലിയ ഇടപെടലാണ് സഹകരണ പ്രസ്ഥാനങ്ങൾ നിർവഹിച്ചിട്ടുള്ളത്. വർത്തമാനകാലത്ത്

കുടുംബശ്രീയും സ്വയംസഹായ സംഘങ്ങളും ഈ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടലിലൂടെ മാറ്റിനിർത്താനായ വട്ടിപ്പലിശക്കാർ വീണ്ടും പിടിമുറുക്കുന്നതിന്റെ സൂചനകളും പുറത്തുവന്നു തുടങ്ങിയിട്ടുണ്ട്. ഗ്രാമീണമേഖലയിൽ പിടിമുറുക്കാൻ ശ്രമിക്കുന്ന ബ്ലേഡുകാരെ ഉന്മൂലനം ചെയ്യാൻ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവയെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ കണക്ഷൻ നെറ്റ് വർക്ക് ഉണ്ടാക്കുന്ന സംവിധാനവും രൂപപ്പെടുത്തുന്നതാണ്.

മൈക്രോഫിനാൻസ് രംഗത്ത് കളക്ഷൻ ഡിസ്ട്രിബ്യൂഷൻ മാതൃകയിൽ സഹകരണ മാതൃക സൃഷ്ടിച്ച് ബ്ലേഡ് പലിശക്കാരിൽ നിന്നും കേരള ജനതയെ എന്നന്നേക്കുമായി മോചിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**പുതുതലമുറയുടെ ആവശ്യങ്ങൾ നിറവേറ്റൽ**

സഹകരണ മേഖലയിൽ പുതുതലമുറയുടെ പങ്കാളിത്തം എത്രത്തോളം ഉണ്ട് എന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങളെ സജീവമായി അഭിമുഖീകരിക്കുക എന്നത് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. സാധാരണ ജനങ്ങളുടെ വിവിധങ്ങളായ സംരംഭങ്ങൾക്ക് സഹായം നൽകാൻ കഴിയുന്നവിധം സഹകരണ മേഖലയിലെ ഇടപെടലുകളെ മുന്നോട്ടുകൊണ്ടുപോകുക എന്നതും പ്രധാനമാണെന്ന് കാണണം. അതിനുതകുന്ന പദ്ധതികൾ രൂപീകരിക്കുക എന്നത് പ്രധാനമാണ്. യുവാക്കളായ മെമ്പർമാരെ ആകർഷിക്കാനും അവർക്കായി സ്പെഷ്യൽ എൻറോൾമെന്റ് ഡ്രൈവ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**ജനസൗഹാർദ്ദപരമായ സേവനം**

സഹകരണ രംഗത്തെ പ്രവർത്തനത്തെ ജനസൗഹൃദപരമായി രൂപപ്പെടുത്തുക എന്നതും പ്രധാനമായി കാണേണ്ടതുണ്ട്, ബ്യൂറോക്രസിയുടെ പിടിമുറുക്കത്തിൽ നിന്ന് സഹകരണ രംഗത്തെ മോചിപ്പിച്ചെടുക്കുക എന്നതും പ്രധാനമായി കാണേണ്ടതുണ്ട്. ജനസൗഹാർദ്ദപരമായി അവയെ മാറ്റിയെടുക്കുന്നതിനുള്ള ഇടപെടൽ നടത്തുക എന്നതും പ്രധാനമാണ്. പുത്തൻ തലമുറ ബാങ്കുകളുടെ രംഗപ്രവേശനത്തോടെ ബാങ്കിംഗ് രംഗത്ത് വമ്പിച്ച തോതിലുള്ള മത്സരം രൂപപ്പെട്ടുവന്നിട്ടുണ്ട്. വാണിജ്യ ബാങ്കുകളാവട്ടെ ശാസ്ത്ര സാങ്കേതിക വിദ്യയെയും ബാങ്കിംഗ് നെറ്റ് വർക്കുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് ജനസൗഹാർദ്ദപരമായ സാധ്യതകളെ തുറന്നുവച്ചിട്ടുമുണ്ട്. ഇവയുമായി എല്ലാം മത്സരിക്കാൻ കഴിയാവുന്നവിധം സഹകരണ മേഖലയെ ആധുനികവത്കരിക്കുക എന്നത് പ്രധാനപ്പെട്ട ഒരു കടമയായി ഏറ്റെടുക്കേണ്ടതുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകളെ

ബന്ധിപ്പിച്ച് കോർ ബാങ്കിംഗ് നെറ്റ് വർക്ക് ഏർപ്പെടുത്താനും എല്ലാ ബാങ്കുകളുടെയും ചെക്ക് ബുക്ക്, ഒപ്പുകൾ എന്നിവ ഓൺലൈനിലൂടെ പരിശോധിച്ച് ഉടൻ പണം ട്രാൻസ്ഫർ ചെയ്യുന്ന സംവിധാനം രൂപപ്പെടുത്തുക എന്നതും സഹകരണമേഖലയിൽ നടത്തേണ്ട സുപ്രധാനമായ മാറ്റങ്ങളിലൊന്നാണ്.

**കാർഷിക രംഗത്തെ ഇടപെടൽ**

കേരള വികസനത്തിന്റെ പ്രധാനപ്പെട്ട ദൗർബല്യങ്ങളായി വിലയിരുത്തപ്പെട്ടിട്ടുള്ളത് അടിസ്ഥാന മേഖലയുടെ വികാസത്തിലുള്ള പോരായ്മയാണ്. കൃഷിയെയും ചെറുകിട വ്യാവസായിക സംവിധാനത്തെയും ശക്തിപ്പെടുത്തുവാനുള്ള ഇടപെടലുകൾ രൂപപ്പെടുത്തും. നെൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയ ഹ്രസ്വകാല കാർഷിക വായ്പാ വിതരണവുമായി ബന്ധപ്പെട്ട പോരായ്മകൾ പരിഹരിക്കാനും കാർഷിക ഉത് പാദനം വർദ്ധിപ്പിക്കാനും ഉത് പന്നങ്ങളുടെ വിപണനത്തിനും ഒരു സംവിധാനം പഞ്ചായത്ത് തലത്തിൽ തന്നെ ഒരു സംവിധാനം ഉണ്ടാക്കുന്നതാണ്.

പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ഉത് പാദനവും ഉത് പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് പരിശ്രമിക്കുക. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉത് പ്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഈ കൂട്ടായ്മ ഏറെ സഹായകരമായിരിക്കും.

**സഹകരണവും തദ്ദേശ ഭരണവും**

സഹകരണ മേഖലയും തദ്ദേശ ഭരണസ്ഥാപനങ്ങളും ആയി യോജിച്ചുള്ള പ്രവർത്തനം കാർഷിക ഗ്രാമപുരോഗതിക്ക് വളരെ സഹായകമാകും. കേരളത്തിൽ ശക്തമായ ജനകീയ അടിത്തറയുള്ള രണ്ട് പ്രസ്ഥാനങ്ങളാണ് സഹകരണ പ്രസ്ഥാനവും തദ്ദേശ ഭരണ സ്ഥാപനങ്ങളും. ഗ്രാമീണ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിൽ വ്യാപൃതമായിട്ടുള്ള സ്ഥാപനങ്ങളാണല്ലോ ഇവ രണ്ടും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

പ്രദേശിക വികസനത്തിന് അത്യാവശ്യം വേണ്ടത് മൂലധനമാണ്. അതു വേണ്ടത്ര നല്കുവാൻ സഹകരണ മേഖല പ്രാപ്തവുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നേരിട്ട് വായ്പ നല്കുവാൻ സഹകരണ വായ്പ മേഖലയ്ക്ക് കഴിയും. ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പോലെ ഇത്തരത്തിൽ ചില ഇടപെടലുകൾ നേരത്തേ നടന്നിട്ടുണ്ട്. അതോടൊപ്പംതന്നെ വാണിജ്യപരമായി വിജയ സാധ്യതയുള്ള പ്രോജക്ടുകൾക്കും വായ്പകൾ ലഭ്യമാക്കാവുന്നതാണ്. അതോടൊപ്പം തന്നെ പ്രാദേശിക പദ്ധതികൾ ലഭ്യമാക്കാവുന്നതാണ്. അതോടൊപ്പം തന്നെ പ്രാദേശിക പദ്ധതികളുടെ ഗുണഭോക്താക്കൾക്കും പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വായ്പകൾ നകാൻ കഴിയുന്നതാണ്. ശേഷിയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രോജക്ടുകൾ സ്വയം ഏറ്റെടുത്തു നടത്താവുന്നതാണ്. സഹകരണ ആശുപത്രികൾ പലയിടത്തും നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുമുണ്ട്. ഇത്തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളുമായി ഒത്തുചേർന്ന് പ്രവർത്തിക്കാവുന്ന നിരവധി അവസരങ്ങൾ സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതാണ്. ഓരോ പ്രദേശത്തിൻെറ വികസന ആവശ്യം നിർണ്ണയിച്ച് സഹകരണ സ്ഥാപനം തയ്യാറാക്കുന്ന ക്രഡിറ്റ് പ്ലാനുകൾക്ക് അനുസൃതമായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ക്രമീകരിച്ചാൽ കാർഷിക ഗ്രാമപുരോഗതിക്കൊപ്പം സഹകരണ മേഖലയിലെ വിഭവങ്ങൾക്ക് പ്രത്യുല്പാദനപരവും മെച്ചപ്പെട്ടതും പൂർണ്ണവുമായ ഉപയോഗം ഉണ്ടാവുന്നതാണ്. അത്തരത്തിലുള്ള പ്രവർത്തനത്തിനും മുൻ കൈ എടുത്തുകൊണ്ടുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**വൻകിട പദ്ധതികളുടെ രൂപീകരണം**

കേരളത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക എന്നത് പ്രധാനമാണ്. അതിനായി സഹകരണ മേഖല സജീവമായി ഇടപെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. അമൂൽ മാതൃകയിലുള്ള പദ്ധതികൾ വിവിധ മേഖലകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സഹകരണ മേഖലയുടെ ഇടപെടലിലൂടെ മുന്നോട്ടുവയ്ക്കുന്നതാണ്. അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. റബ്ബർ, നാളികേരം തുടങ്ങിയ മേഖലകൾക്കകത്ത് ഇത്തരത്തിലുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

**ഇടപെടലുകൾക്ക് പൊതുവായ ദിശാബോധം**

സഹകരണ മേഖലയിൽ ഇടപെടുന്നതിന് പ്രത്യേക ദിശാബോധം തന്നെ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനുതകുന്ന ചില നിർദ്ദേശങ്ങൾ ഇതിൽ മുന്നോട്ടുവയ്ക്കുകയാണ്.

1. സഹകരണസ്ഥാപനങ്ങൾക്ക് സ്വതന്ത്രമായും സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ടും പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക.

2. സഹകരണസ്ഥാപനങ്ങളും തദ്ദേശസ്വയഭരണസ്ഥാപനങ്ങളും തമ്മിൽ യോജിച്ച് പ്രവർത്തിക്കുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക. ഈ രണ്ട് സ്ഥാപനങ്ങളെയും സംയോജിപ്പിച്ചു കൊണ്ട് രൂപീകരിക്കപ്പെടുന്ന സമഗ്ര വികസനമാതൃകയിലൂടെ നീതിയുക്തവും സ്ഥായിയുമായ ഒരു സമൂഹം നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതിന് വഴിയൊരുക്കാനാകും.

3. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംവിധാനമായി സഹകരണസ്ഥാപനങ്ങളെ അംഗീകരിക്കുക.

4. സമ്പദ് ഘടനയുടെ സമസ്ത മേഖലകളിലും കരുത്തുറ്റതും ഊർജ്ജസ്വലവുമായ സഹകരണപ്രസ്ഥാനം പടുത്തുയർത്താൻ ശ്രമിക്കുക.

5. സഹകരണസ്ഥാപനങ്ങളിലെ നിലവിലെ നിയമനരീതി അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

6. സാങ്കേതികവിദ്യയിലും നിയമ-നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ചുവടുവച്ചു നീങ്ങുന്നതിന് സഹകരണ വകുപ്പിനെ സജ്ജമാക്കുന്ന വിധത്തിൽ വകുപ്പിൽ പ്രൊഫഷണലിസം നടപ്പാക്കുക.

7. സഹകരണഫെഡറേഷനുകളുടേയും ഫെഡൽ സൊസൈറ്റികളുടേയും പ്രവർത്തനം പുനർനിർവചിക്കുക.

8. സഹകരണസ്ഥാപനങ്ങളിലൂടെ സ്ത്രീശാക്തീകരണത്തിനും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പരിശ്രമിക്കുക

9. യുവതലമുറയെ അവരുടെ ആവശ്യ നിർവ്വഹണത്തിനായി സഹകരണസ്ഥാപനങ്ങളിലേക്ക് ആകർഷിക്കുക. ഒരു സംരംഭം എന്ന നിലയിൽ സഹകരണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുപിന്നിലെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും യുവതലമുറയുടെ ഇടയിൽ സ്വീകാര്യത ഉണ്ടാക്കുക എന്ന കാഴ് ചപ്പാടോട്ക്കൂടിയായിരിക്കണം ഇത് ചെയ്യേണ്ടത്.

10. യുവതലമുറയുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ സഹകരണ സ്ഥാപനങ്ങളെ സജ്ജമാക്കുക.

11. സഹകരണം പാഠ്യപദ്ധതിയിലെ ഒരു വിഷയമാക്കിക്കൊണ്ടും സഹകരണ വിദ്യാഭ്യാസവും ഗവേഷണവും കോളേജ് / സർവ്വകലാശാലാ തലങ്ങളിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടും വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്നു നൽകുക.

12. സഹകരണ മേഖലയിൽ നൂതന ആശയങ്ങളും സംരഭങ്ങളും പ്രോത്സാഹിപ്പിക്കുക.

13. അവ്യക്തതകൾ നീക്കി ലളിതമാക്കി മാറ്റുന്നതിനായി കേരള സഹകരണനിയമവും ചട്ടവും രീതിയിൽ പുനരവലോകന ചെയ്യുകയും ഭാവി ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അനുയോജ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുക.

14. സഹകരണ പ്രസ്ഥാനത്തിന്റെ പ്രതിച്ഛായയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനായി എല്ലാ മേഖലകളിലുമുള്ള വ്യാജ സഹകരണ സ്ഥാപനങ്ങളെ സമാപ്തീകരിക്കുക.

**വിവിധ മേഖലകളിലെ ചില ഇടപെടലുകൾ**

1. കേരള സംസ്ഥാന സഹകരണ ബാങ്കിനേയും (KSCB) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാഘടനയെ പുനഃസംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിലൂടെ സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്ക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആദായകരമായും ജനോപകാരപ്രദമായും പ്രവർത്തിക്കുവാനാകും.

2. കാർഷിക വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്ന് പടിപടിയായി വർദ്ധിപ്പിച്ച് മുന്നോട്ടുപോകും. അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ തന്നെ കാർഷിക-കാർഷിക അനുബന്ധ വായ്പ 25% ഉം തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% ഉം ആക്കുക.

**പ്രാഥമിക സഹകരണ സംഘങ്ങൾ**

3. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.

4 പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (PCARDBs) ദീർഘകാല സഹകരണ വായ്പാഘടനയെ (LTCCS) കാർഷിക അടിസ്ഥാന സൗകര്യ

വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.

**സഹകരണ വിപണന സംഘങ്ങൾ**

5. മൂല്യവർദ്ധനവിലൂടെ (Value addition) പ്രാദേശികനാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽ നിന്ന് കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ (Co-operative Marketing Society) പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.

6. സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ (Consumer Co-operatives) പ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുകയും പ്രവർത്തനം നിലച്ചതും ദുർബലവുമായ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുക. അടച്ചുപൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക.

7. നിലവിലുള്ള എല്ലാ ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃസഹകരണസംഘങ്ങളെയും ശക്തമാക്കണം. ഉപഭോക്തൃമേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക.

8. പാലിന്റെ ഉത്പാദനവും ഉത്പ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരോത്പാദനത്തെ ഒരു തൊഴിലായി (പ്രധാന തൊഴിലോ അല്ലെങ്കിൽ ഉപതൊഴിലോ) ക്ഷീരസഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹിപ്പിക്കുക.

**പരമ്പരാഗത മേഖലയിലെ സഹകരണ സംഘങ്ങൾ**

9. മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിരം വരുമാനം ഉറപ്പാക്കുന്നതിനായുള്ള നടപടികളെടുക്കാൻ മത്സ്യസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

10. കൈത്തറി, കയർ, ചെറുകിടവ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ മാന്യതയുള്ള തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

11. തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണസംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉത്പ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.

**ദുർബല ജനവിഭാഗങ്ങളുടെ മേഖലയിൽ**

12. സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

13. കുട്ടികളിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കുക. സഹകരണസ്ഥാപനങ്ങളുടെ സാധ്യതകളെ ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് കമ്പോളശക്തികൾ നടത്തുന്ന ചൂഷണത്തിന് തടയിടുക.

14. നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടേയും സഹായത്തോടെ ഉത്പാപദനം വർദ്ധിപ്പിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുക.

15. ട്രാൻസ്ജന്റർകൾക്കായി പ്രത്യേക സഹകരണ സംഘങ്ങൾ തന്നെ രൂപീകരിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഇടപെടുന്നതിനും ഉദ്ദേശിക്കുന്നു.

**മറ്റു ചില മേഖലകൾ**

15. പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിയ്ക്കായി വിനിയോഗിക്കുക.

16. സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ എല്ലാതരം ആരോഗ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണസംഘങ്ങളെ വികസിപ്പിക്കുക. ഇതിനാവശ്യമായ ഇടപെടൽ നടത്തുക.

17. കേരളത്തിലെ വിനോദസഞ്ചാരമേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിനോദസഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉത്പ്പന്നങ്ങളുടെ ഉത്പാദന/വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിനോദസഞ്ചാരസഹകരണ സ്ഥാപനങ്ങളെ ഉപയോഗിക്കുക.

### സഹകരണ വിദ്യാഭ്യാസം

18. സഹകരണ മേഖലയെ ആധുനികവത്കരിക്കുന്നതിനും ജനസൗഹാർദ്ദപരമാക്കുന്നതിനും പ്രൊഫഷണൽവത്കരിക്കുന്നതിനും സഹകരണ വിദ്യാഭ്യാസത്തിന് പ്രധാനപ്പെട്ട പങ്കുണ്ട്. അതിനുതകുന്നവിധം വിദ്യാഭ്യാസ മേഖലയിലെ സിലബസുകളും പഠനക്രമവും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നവരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലിനും പ്രാധാന്യം നൽകുക.

### ചില മാറ്റങ്ങൾ

19. പലവിധ സഹകരണ സംഘങ്ങൾക്കായി ഒരു Apex സഹകരണ ഫെഡറേഷൻ രൂപീകരിക്കുക.

20. കേരള സഹകരണ നിയമം വകുപ്പ് 14A വിഭാവനം ചെയ്യുന്ന രീതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ടി സംരംഭങ്ങൾക്ക് അംഗങ്ങളിൽ നിന്നും മുൻഗണനാ ഓഹരിമൂലധനം സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത്തരത്തിൽ സ്വീകരിക്കപ്പെടുന്ന മുൻഗണനാ ഓഹരി മൂലധനത്തിന് ഓഹരി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംരംഭം ഉണ്ടാക്കുന്ന അറ്റ ലാഭത്തിൽ നിന്നും 49 ശതമാനം വരെ ലാഭവിഹിതം നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

### ഉപസംഹാരം

നവലിബറൽ നയങ്ങൾ അസമത്വം വർദ്ധിപ്പിക്കുന്ന പശ്ചാത്തലത്തിൽ നാടിന്റെ പൊതുവായ വികസനം രൂപപ്പെടുത്തുന്നതിനും അസമത്വങ്ങൾ കുറയ്ക്കുന്നതിനും ഇടപെടുന്നതിന് സഹകരണ പ്രസ്ഥാനത്തെ പ്രാപ്തമാക്കുക എന്ന കാഴ്ചപ്പാടാണ് കേരള സഹകരണനയത്തിന്റെ അടിസ്ഥാനം. ഈ നയം പ്രാവർത്തികമാക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും ഉണ്ടാകേണ്ടതാണ്

--------

സെക്രട്ടറി
സഹകരണ വകുപ്പ്